പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1822** **05.10.2016-ൽ മറുപടിയ്ക്ക്**

# പാലക്കാട് ജില്ലയിലെ ഭൂരഹിതരും, ഭവനരഹിതരുമായ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ

**ചോദ്യം**
**ശ്രീ.പി. ഉണ്ണി**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പാലക്കാട് ജില്ലയിലെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി പട്ടിക വർഗ്ഗ കുടുംബങ്ങളുടെ വിശദാംശങ്ങൾ ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പ്രസ്തുത വിശദാംശം ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | എ) | ഉണ്ട്. ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി കുടുബങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. |

| പഞ്ചായത്ത്/ മുനിസിപ്പാലിറ്റി | ഭവനരഹിതർ | ഭൂരഹിതർ |
|---|---|---|
| അമ്പലപ്പാറ | 37. | 47 |
| അനങ്ങനടി | 79 | 60 |
| ചളവറ | 30 | 16 |
| ലക്കിടി പേരൂർ | 38 | 43 |
| വാണിയംകുളം | 42 | 36 |
| നെല്ലായ | 20 | 25 |
| തൃക്കടീരി | 46 | 54 |
| വല്ലപ്പുഴ | 34 | 26 |
| ഒറ്റപ്പാലം മുനിസിപ്പാലിറ്റി | 206 | 130 |
| **ആകെ** | **532** | **437** |

ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ കരിമ്പുഴ പഞ്ചായത്തിൽ ഭൂരഹിതരായ രണ്ട് പട്ടികവർഗ്ഗ കുടുംബങ്ങളും ഭവനരഹിതരായ മൂന്ന് പട്ടികവർഗ്ഗ കുടുംബങ്ങളും ഉണ്ട്.

| | | | |
|---|---|---|---|
| ബി) | ജില്ലയിലെ മുഴുവൻ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് സ്വന്തമായി സ്ഥലവും വീടും ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിനായി എത്ര തുക നീക്കി വച്ചിട്ടുണ്ടെന്നും വിശദമാക്കാമോ? | ബി) | ജില്ലയിലെ മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും ഘട്ടം ഘട്ടമായി സ്വന്തമായി സ്ഥലവും വീടും ലഭ്യമാക്കുന്നതിന്റെ ഭാഗമായി എല്ലാ വർഷവും ടി പദ്ധതികൾക്ക് നിശ്ചിത തുക വകയിരുത്തുന്നുണ്ട്. 2016-17 സാമ്പത്തിക വർഷം പാലക്കാട് ജില്ലയിൽ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം 450 പട്ടികജാതി കുടുംബങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനായി 1725 ലക്ഷം രൂപയും ഭവനനിർമ്മാണ പദ്ധതി പ്രകാരം 996 പട്ടികജാതി കുടുംബങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനായി 2300 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.<br>ജില്ലയിൽ ഭൂരഹിതരായ 526 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭവന രഹിതരായ 896 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും യഥാക്രമം ഭൂമിയും, വീടും നൽകുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ പദ്ധതികളിൽപ്പെടുത്തി തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ടി പദ്ധതികൾക്കായി നടപ്പ് സാമ്പത്തിക വർഷം ബന്ധപ്പെട്ട ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള തുകയുടെ ആനുപാതികമായി പാലക്കാട് ജില്ലയിലെ ഭൂരഹിതർക്കും ഭവന രഹിതർക്കും സ്ഥലവും വീടും വാങ്ങുന്നതിനായി മുൻഗണനാ ക്രമത്തിൽ തുക അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ